പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5731 18.11.2019 ൽ മറുപടിയ്ക്ക്

നെയ്യാറ്റിൻകര പോങ്ങിൽ സപ്ലൈകോയുടെ പുതിയ ഔട്ട് ലെറ്റ്

ചോദ്യം
ശ്രീ.കെ. ആൻസലൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ സപ്ലൈകോയുടെ പുതിയ ഔട്ട് ലെറ്റ് ആരംഭിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. യുടെ ഉപരി കത്തോടെ പഞ്ചായത്ത് നൽകിയ നിവേദനത്തിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഔട്ട് ലെറ്റ് എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | അതിയന്നൂർ ഗ്രാമപഞ്ചായത്തിലെ പോങ്ങിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. നിലവിലെ മാനദണ്ഡമനുസരിച്ചുള്ള വാടക രഹിത കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് വിപണന സാധ്യതയുടെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2019 സെപ്റ്റംബർ വരെ സപ്ലൈകോയുടെ എത്ര ഔട്ട് ലെറ്റുകൾ ആണ് പ്രവർത്തനം ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ? | (ബി) | നെയ്യാറ്റിൻകര മണ്ഡലത്തിൽ 2016 മുതൽ 2019 സെപ്റ്റംബർ വരെ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വട്ടവിളയിൽ ഒരു പുതിയ സൂപ്പർ മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ